## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3299** **25-10-2021 - ൽ മറുപടിയ്ക്ക്**

### മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പഞ്ചായത്തിലെ വാലിൻ കോളനി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൻ കോളനിയിലേക്കുള്ള വഴി അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേക്കുള്ള വഴി നിർമ്മിക്കുന്നതിനായി തെക്കേക്കര വില്ലേജിലെ 1.95 ആർസ് ഭൂമി LARR ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 18.06.2020-ലെ സ.ഉ. (സാധാ) നമ്പർ 2219/2020/ആർ.ഡി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റിക്വിസിഷൻ അതോറിറ്റിയായ തെക്കേക്കര ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചേർന്ന് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. സാമൂഹ്യാഘാത പഠനം നടത്തുന്നതിനു വേണ്ടി സെന്റർ ഫോർ റിസർച്ച് ഇന്നവേഷൻസ് & കൺസൾട്ടൻസി (C-RIC) സെന്റ് തോമസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കൊഴുവല്ലൂർ, ചെങ്ങന്നൂരിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 4(1) വിജ്ഞാപനം 12.10.2021 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2997-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | പ്രസ്തുത വഴിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ വാലിൽ കോളനിയിലേക്കുള്ള വഴി നിർമ്മിക്കുന്നതിനായി തെക്കേക്കര വില്ലേജിലെ 1.95 ആർസ് ഭൂമി LARR ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 18.06.2020-ലെ സ.ഉ. (സാധാ) നമ്പർ 2219/2020/ആർ.ഡി പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റിക്വിസിഷൻ അതോറിറ്റിയായ തെക്കേക്കര ഗ്രാമപഞ്ചായത്ത് അധികൃതരുമായി ചേർന്ന് സംയുക്ത സ്ഥല |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തിയിട്ടുള്ളതാണ്. സാമൂഹ്യാഘാത പഠനം നടത്തുന്നതിനു വേണ്ടി സെന്റർ ഫോർ റിസർച്ച് ഇന്നവേഷൻസ് & കൺസൾട്ടൻസി (C-RIC) സെന്റ് തോമസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, കൊഴുവല്ലൂർ, ചെങ്ങന്നൂരിനെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 4(1) വിജ്ഞാപനം 12.10.2021 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2997-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ